بسم الله الرحمن الرحيم O نحمده اونصلى علىٰ رسوله الكريم O وعلىٰ عبده المسيح الموعود

ഖുത്വ്ബ നമ്പർ **11**

16-03-2012

**ജുമുഅ ഖുത്വ്ബ**

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ്**

**ഖലീഫത്തുൽ മസീഹ് അൽഖാമിസ്** ايده الله تعالىٰ بنصره العزيز

വിവർത്തനം: എം. നാസിർ അഹ്മദ് കൊടിയത്തൂർ



# സഹാബാക്കളുടെ തബ്ലീഗ് രീതി -2

കഴിഞ്ഞ ഖുത്വുബയിൽ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ സഹാബാക്കളുടെ തബ്ലീഗുമായി ബന്ധപ്പെട്ട സംഭവങ്ങൾ കേൾപ്പിച്ചിരുന്നു. കുറച്ചു സംഭവങ്ങൾ കേൾപ്പിക്കാൻ ബാക്കിയുണ്ടെന്നും അത് പീന്നീട് കേൾപ്പിക്കുന്നതാണെന്നും ഞാൻ പറഞ്ഞിരുന്നു. അത് ഇന്ന് കേൾപ്പിക്കുകയാണ്. ഈ സംഭവങ്ങൾ കേൾപ്പിക്കുന്നതുകൊണ്ടുള്ള ഉദ്ദേശ്യം ഈ സഹാബാക്കൾക്ക് ദുആ ചെയ്യാൻ വേണ്ടിയാണ്. അവർ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ വിശ്വസിച്ചുകൊണ്ട് ഇക്കാലത്തെ അനുഗ്രഹങ്ങൾ കരസ്ഥമാക്കുന്നവരായി നമ്മെ മാറ്റുകയുണ്ടായി. അല്ലാഹു അവരുടെ എല്ലാവരുടെയും പദവികൾ ഉയർത്തിക്കൊണ്ടിരിക്കുമാറാകട്ടെ. ഇവർ ഇല്ലായിരുന്നുവെങ്കിൽ അല്ലാഹു ഇക്കാലത്ത് ഇറക്കിയ അനുഗ്രഹങ്ങളിൽ നിന്നും നമ്മിൽ പലരും അകറ്റപ്പെട്ടേനെ. മറ്റൊരു ഉദ്ദേശ്യം അവരുടെ നന്മകളും വിശ്വാസവീര്യവും മതാവേശവും മതസേവനതാത്പര്യവും അവരുടെ പിൻതലമുറയിൽ ഈ ആത്മാവ് ഊതുന്നതാക്കിത്തീർക്കുവാൻ വേണ്ടിയാണ്. അവരുമായി നേരിട്ട് രക്തബന്ധമില്ലാത്തവർക്ക് ഒരു ആത്മീയബന്ധം അവരുമായിട്ടുണ്ട്. ഈ ഒരു ബന്ധം കാരണം തങ്ങളിൽ ഒരാവേശം ഉണ്ടാക്കുകയും അത് മുൻകടന്ന മഹാത്മാക്കാളുടെ ആത്മീയാവേശത്തെ മുന്നോട്ട് നയിക്കുന്നതാക്കി മാറ്റുന്നതുമായിരിക്കണം. അങ്ങനെ ഈ അനുഗ്രഹത്തെ തങ്ങളുടെ സന്താനങ്ങളിലും അവർ നിലനിറുത്തട്ടെ. അപ്പോൾ മാത്രമായിരിക്കും നാം പൂർവ്വികരുടെ ഉപകാരങ്ങൾക്ക് കൃതജ്ഞത രേഖപ്പെടുത്തുന്നവരായിത്തീരുകയുള്ളൂ.

പലരും കത്ത് മുഖേനയും അതേപോലെ കൂടിക്കാഴ്ചയിലും എന്നെ അറിയിക്കാറുള്ളത് താങ്കൾ പരാമർശിച്ച ഇന്ന വ്യക്തിയുമായി എനിക്ക് ഇന്ന കുടുംബബന്ധമുണ്ട് എന്നാണ്. എന്നാൽ അവരുമായുള്ള ബന്ധം നിലനിൽക്കുന്നത് അവരുടെ കാൽപ്പാടുകളെ പിൻതുടരുമ്പോഴാണെന്ന് ഓർക്കണം. അതുകൊണ്ട് ഈ ഉത്തരവാദിത്വത്തെ നിറവേറ്റുന്നതിനുള്ള ശ്രമം നമ്മുടെ മുമ്പിൽ എപ്പോഴും ഉണ്ടായിരിക്കേണ്ടതാണ്.

ഇന്ന് ഞാൻ ആദ്യം പറയുന്നത് മിയാം ജമാലുദ്ദീൻ സാഹിബിനെക്കുറിച്ചാണ്. അദ്ദേഹം പറയുന്നു. നവാസുദ്ദീൻ എന്ന് പേരുള്ള ഒരു മൗലവി ഇദ്രീസ് ജില്ല അമൃതസറിൽ താമസിച്ചിരുന്നു. അയാളുടെ വാദം ഞാൻ മിർസായികളെ ശരിയാക്കിക്കൊണ്ടിരിക്കുകയാണെന്നാണ്. അതിനായി ഗ്രാമങ്ങൾ തോറും ചുറ്റി സഞ്ചരിക്കാറുണ്ട്. അയാൾ താരാഢ് എന്ന സ്ഥലത്ത് എത്തി. അതിന്റെ തെക്കു ഭാഗത്ത് നിന്ന് അയാൾ ഉറക്കെ വിളിച്ചു ചോദിച്ചു. ഇവിടെ വല്ല മിർസായിയും ഉണ്ടോ. ഉണ്ടെങ്കിൽ എന്റെ മുമ്പിൽ വരിക. അദ്ദേഹം പറയുന്നു. എനിക്ക് മുമ്പേ ഇവിടെ ആരും അഹ്മദി ഉണ്ടായിരുന്നില്ല. എല്ലാവരും എതിരാളികളായിരുന്നു. ചിലർ എന്നെക്കുറിച്ച് അറിയുന്നവരായിരുന്നു. അവർ പരസ്പരം കൂടിയാലോചിച്ച് ഒരാളെ എന്റെ അടുത്തേക്കയച്ചു. എന്നോട് വന്ന് പറഞ്ഞു. ഇവിടെ വന്ന് മൗലവിയെ നേരിട്ടാലും. അദ്ദേഹത്തിന്റെ ഗ്രാമത്തിന്റെ അടുത്ത് തന്നെയായിരുന്നു ആ സ്ഥലം. ഞാൻ മനസ്സിൽ കരുതി. ഇവർ തമാശ കാണാൻ നിൽക്കുന്നവരാണ്. സത്യന്വേഷണബുദ്ധിയോടെയൊന്നുമല്ല ഇവരുള്ളത്. അവസാനം കലഹമായിരിക്കും ഉണ്ടാകുക. ഞാൻ പറഞ്ഞു. സംവാദങ്ങൾ നടത്തുന്നതിൽ നിന്നും ഹദ്റത്ത് സാഹിബ് തടഞ്ഞിട്ടുണ്ട്. വ്യർത്ഥമായ സംവാദങ്ങൾ നടത്തേണ്ടതില്ലെന്ന് പറഞ്ഞ് അക്കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ് عليه السلام അത് തടഞ്ഞിരുന്നു. കാരണം മുല്ലാവർഗത്തിൽ ഇത് ഒരു ഗുണവും ചെയ്യില്ല. ഞാൻ പറഞ്ഞു. ഇനി നിങ്ങൾക്ക് ഇത് തന്നെ വേണമെന്നുണ്ടെങ്കിൽ ഫസാദിന്നായി തയ്യാറാകുക. ഞാൻ നിങ്ങളുടെ ഗ്രാമത്തിലേക്ക് വരാം. മൗലവി സാഹിബിന്റെ ആക്ഷേപങ്ങൾ എന്തെല്ലാമാണെന്ന് ഒരു പ്രാവശ്യം പറയുക. അതിന്റെ മറുപടി ഒരു പ്രാവശ്യം ഞാൻ പറയുന്നതാണ്. അനാവശ്യമായ ചർച്ച ചെയ്ത് വഷളാക്കേണ്ട കാര്യമില്ല. ജനങ്ങൾ സ്വയം തീരുമാനമെടുക്കും. ഇനി അവർ തയ്യാറല്ലെങ്കിൽ ഈ ഗ്രാമത്തിലുള്ളവർ ഫസാദ് നേരിടാൻ തയ്യാറാകുക. മൗലവി സാഹിബ് ഇവിടെ വേണമെങ്കിൽ വരട്ടെ. ഇതും പറഞ്ഞ് ഞാൻ എന്റെ ഗ്രാമത്തിലേക്ക് തിരിച്ചുപോയി. ആ ഗ്രാമത്തിലെ മൂന്ന് പേരേയും കൂട്ടി ആ മൗലവി മറ്റൊരു വഴിയിലൂടെ ഞങ്ങളുടെ ഗ്രാമത്തിലേക്ക് വന്നു. ഞങ്ങളുടെ ഗ്രാമത്തിലെ ചീഫിനെ കണ്ടു. അദ്ദേഹം ഹിന്ദു ആയിരുന്നു. മൗലവി വന്ന് പറഞ്ഞു: ഇവിടെ മിർസായി ആരെങ്കിലുമുണ്ടെങ്കിൽ അദ്ദേഹത്തോട് എന്നോട് നേരിടാനായി വരാൻ പറയൂ. ചീഫ് എന്നെ വിളിക്കാനായി ഒരാളെ എന്റെ അടുത്തേക്കയച്ചു. എനിക്ക് ഈ സംഭവത്തെക്കുറിച്ച് നേരത്തെ അറിവ് ലഭിച്ചിരുന്നു. അതുകൊണ്ട് ഞാൻ അല്ലാഹുവിനോട് ദുആ ചെയ്തു. ഇലാഹി; ഞാൻ അറിവില്ലാത്തവനും ആശ്രിതനുമാണ്. ഞാൻ എന്നിൽ ഒരു ഗുണവും കാണുന്നില്ല. നിന്റെ കൃപാകടാക്ഷം ഒന്ന് മാത്രം മതി. സത്യത്തെ നീ വ്യക്തമാക്കിക്കൊടുത്താലും. ഈ ദുആ ചെയ്ത് ആ മൗലവി ഉള്ള സ്ഥലത്തേക്ക് ഞാൻ ചെന്നു. അവിടെ കുറേ ഹിന്ദുക്കളും മുസ്ലീംകളും എല്ലാം ഒരുമിച്ചു കൂടിയിരുന്നു. വിരിപ്പ് വിരിച്ചു. ഞാനും മൗലവിയും സദസ്സിന്റെ മധ്യത്തിലിരുന്നു. അൽപനേരം നിശബ്ദതയായിരുന്നു. ഞാൻ മൗലവിയോട് സംസാരിച്ചുതുടങ്ങി. ഞാൻ പറഞ്ഞു. മൗലവി സാഹിബ് നിങ്ങൾ എന്തിനാണ് ഗ്രാമങ്ങൾ തോറും ചുറ്റിയടിക്കുന്നത്. മൗലവി സാഹിബ് പറഞ്ഞു. മുഹമ്മദീ ഉമ്മത്ത് കക്ഷികളായി പിരിഞ്ഞിരിക്കുകയാണ്. അതിനെ ശരിപ്പെടുത്താനാണ് ചുറ്റിക്കറങ്ങുന്നത്. ഞാൻ ചോദിച്ചു. ഇതുവരെ എത്രകണ്ട് നിങ്ങൾ ശരിയാക്കിയിട്ടുണ്ട്. താങ്കൾ സംസ്ക്കരിക്കുന്ന ആളാണെന്നതിന് ഉലമാക്കളിൽ നിന്നും ഫുകഹാക്കളിൽ നിന്നും എന്തുമാത്രം സർട്ടിഫിക്കറ്റുകൾ കരസ്ഥമാക്കിയിട്ടുണ്ട്. മൗലവി പറഞ്ഞു. ഞാൻ സർട്ടിഫിക്കറ്റ് കരസ്ഥമാക്കിയിട്ടുണ്ട്. ഞാൻ പറഞ്ഞു. കാണിച്ചുതരൂ. മൗലവി പറഞ്ഞു. അതെല്ലാം എന്റെ ഗ്രാമത്തിലാണുള്ളത്. എന്നിട്ട് പറഞ്ഞു. എന്റെ യഥാർഥ ഉദ്ദേശ്യം എന്നത് സ്വയം

കാഫിറായ മിർസ ഇവിടെ ഉണ്ടാക്കിയിട്ടുള്ള കുഴപ്പം ഇല്ലാതാക്കലാണ്. നഊദുബില്ലാഹ്. അദ്ദേഹം ജനങ്ങളെയും കാഫിറാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെയുള്ളവരുമായി സംവാദം നടത്തുകയാണ് ഉദ്ദേശ്യം. അപ്പോൾ ഞാൻ പറഞ്ഞു. കാഫിറായതിന്റെ കാരണം എനിക്കുമൊന്ന് പറഞ്ഞു തന്നാലും. എന്നിട്ട് ഞാൻ ചോദിച്ചു. ഏതുവിഷയത്തിലാണ് ചർച്ച ചെയ്യുക. മൗലവി സാഹിബ് പറഞ്ഞു. നീ ഉറുദുവിലാണ് സംസാരിക്കുന്നത്. ഞാൻ അറബിയിൽ സംസാരിക്കും. ഞാൻ പറഞ്ഞു. അറബി പറയാൻ എനിക്കറിയില്ല. അപ്പോൾ മൗലവി പറഞ്ഞു. പഞ്ചാബിയിൽ സംസാരിക്കാം. അപ്പോൾ ഞാൻ പറഞ്ഞു. നല്ല കാര്യം. മൗലവി സാഹിബ് ചോദിച്ചു. നിങ്ങളുടെ മദ്ഹബ് ഏതാണെന്ന് പറയുക. ഞാൻ പറഞ്ഞു. ആദ്യം നിങ്ങൾ നിങ്ങളുടെ മദ്ഹബ് ഏതാണെന്ന് പറയുക. മൗലവി പറഞ്ഞു. എന്റെ മദ്ഹബ് ഹനഫിയാണ്. അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനായും വിശ്വസിക്കുന്നു. മുഹമ്മദ് റസൂലുല്ലാഹ് ﷺ യെ സത്യവാനായി വിശ്വസിക്കുന്നു. ഈസാ നബി عليه السلام നെ വിശുദ്ധ ഖുർആനിലെ ഇരുപത് ആയത്തുകളുടെ അടിസ്ഥാനത്തിലും പ്രബലമായ ഹദീസുകളുടെയും അടിസ്ഥാനത്തിൽ നാലാം ആകാശത്ത് ഭൗതിക ശരീരത്തോടെ ജീവിച്ചിരിപ്പുണ്ടെന്ന് വിശ്വസിക്കുകയും ചെയ്യുന്നു. ഇതിനെ നിഷേധിക്കുന്നവരെ ഞാൻ കാഫിറായി മനസ്സിലാക്കുന്നു. ഞാൻ പഠിപ്പുള്ള വ്യക്തിയാണ്. അതിനുള്ള സർട്ടിഫിക്കറ്റ് ഉണ്ട്. അതിനുശേഷം പറഞ്ഞു. നിങ്ങൾ നിങ്ങളുടെ മദ്ഹബും വിദ്യാഭ്യാസയോഗ്യതയും പറയുക. അപ്പോൾ ഞാൻ പറഞ്ഞു. ഞാൻ അല്ലാഹുവിനെ ഏകനും പങ്കുകാരനില്ലാത്തവനുമായി വിശ്വസിക്കുന്നു. മുഹമ്മദ് റസൂലുല്ലാഹ് ﷺ യെ ഖാത്തമുന്നബിയ്യീനായി അംഗീകരിക്കുന്നു. ബനീ ഇസ്റാഈലിൽ വന്ന ഹദ്റത്ത് ഈസ عليه السلام നെ വിശുദ്ധഖുർആന്റെയും ഹദീസിന്റെയും അടിസ്ഥാനത്തിൽ മരിച്ചിരിക്കുന്നു എന്നും വിശ്വസിക്കുന്നു. വരാനിരിക്കുന്ന ഈസാനബിയും മഹ്ദിയും ഈ ഉമ്മത്തിൽ നിന്നാണ് വരേണ്ടത്. ഇക്കാലത്ത് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ് മസീഹും മഹ്ദിയും ആണെന്ന് വാദം ഉന്നയിച്ചതിനെ സത്യ ഹൃദയത്തോടെ ഞാൻ അംഗീകരിക്കുന്നു. അദ്ദേഹത്തെ അംഗീകരിക്കാത്തവരെ സത്യത്തിൽ നിലകൊള്ളുന്നവരായി ഞാൻ മനസ്സിലാക്കുന്നില്ല. എനിക്ക് സർട്ടിഫിക്കറ്റുള്ള ഒരു വിദ്യാഭ്യാസ യോഗ്യതയെക്കുറിച്ചും ഞാൻ അവകാശവാദം ഉന്നയിക്കുന്നില്ല. ഞാൻ സ്വയം വായിച്ചു പഠിച്ചതാണ്. മാത്രമല്ല വാഗ്ദത്ത മസീഹിന്റെ സാമിപ്യം മുഖേനയുള്ള സ്വാധീനം എന്നിൽ ഉണ്ട്. ബനീ ഇസ്റാഈലിൽ വന്ന ഈസബ്നുമറിയം വിശുദ്ധ ഖുർആന്റെ ഖണ്ഢിതവചനങ്ങളാലും മുത്തസിൽ മർഫൂആയ ഹദീസുകളാലും ഇപ്പോഴും നാലാം ആകാശത്ത് സ്തൂലശരീരത്തോടുകൂടി ഇരിക്കുന്നുണ്ടെന്ന് ആരെങ്കിലും തെളിയിക്കുകയാണെന്ന് ഞാൻ തൗബ ചെയ്ത് മടങ്ങുന്നതാണെന്നും ഏറ്റു പറയുന്നു. മൗലവി സാഹിബ് പറഞ്ഞു. നിങ്ങൾ ഈ കാര്യങ്ങൾ ഒരു കടലാസിൽ എഴുതി എന്നെ ഏൽപ്പിക്കുക. ഞാൻ കടലാസും പേനയും എടുത്ത് ഇതെല്ലാം എഴുതി ഒപ്പിട്ട് മൗലവി സാഹിബിന് കൊടുത്തു. എന്റെ കടലാസ് കയ്യിൽ പിടിച്ച് മൗലവി ചോദിച്ചു. തഫ്സീറുകളെ അംഗീകരിക്കുമോ. ഞാൻ പറഞ്ഞു: വിശുദ്ധഖുർആനും സഹീഹായ ഹദീസുകൾക്കും അനുഗുണമായി വരുന്ന തഫ്സീറുകളെ അംഗീകരിക്കുന്നതാണ്. മൗലവി സാഹിബ് ചോദിച്ചു: വിശുദ്ധഖുർആൻ അറിയുമോ. ഞാൻ പറഞ്ഞു. അറിയാം. മൗലവി സാഹിബ് ചോദിച്ചു. ഖുർആന്റെ അർത്ഥമെന്താണ്. ഞാൻ പറഞ്ഞു. ഇതിനുള്ള മറുപടി ഞാനിപ്പോൾ പറയില്ല. നേരത്തെ പറഞ്ഞ കാര്യത്തെക്കുറിച്ച് ആദ്യം തീരുമാനം കേൾപ്പിക്കുക. മൗലവി സാഹിബ് ചോദിച്ചു. ذٰلِكَ الْكِتٰبُ എന്നതിന്റെ അർത്ഥമെന്താണ്. നാം എന്തിനാണോ വന്നത് അതിന് ആദ്യം തീരുമാനമുണ്ടാക്കുക. അതിനുശേഷം നിങ്ങൾക്ക് എന്തെല്ലാം ചോദ്യങ്ങൾ ചോദിക്കാനുണ്ടോ അത് ചോദിക്കുക. മൗലവി അടുത്ത ചോദ്യം ചോദിച്ചു. വിശുദ്ധഖുർആനിൽ എത്ര ആയത്തുകളുണ്ട്. ഞാൻ പറഞ്ഞു: നിങ്ങൾ വീണ്ടും അതേ ചോദ്യങ്ങളാണ് ആവർത്തിക്കുന്നത്. മൗലവി സാഹിബ് പറഞ്ഞു: നിങ്ങൾക്ക് ഖുർആൻ അറിയാം എന്ന് എനിക്കെങ്ങനെ മനസ്സിലാക്കാൻ സാധിക്കും. അപ്പോൾ ഞാൻ പറഞ്ഞു: അല്ലാഹുവിന്റെ അനുഗ്രഹത്താൽ നിങ്ങളെക്കാളും കൂടുതൽ എനിക്ക് ഖുർആൻ അറിയാം. ഞാൻ സത്യം ചെയ്തു പറയാം. നിങ്ങൾ ചോദിക്കുന്ന എല്ലാ ചോദ്യങ്ങൾക്കും ഇതിനുശേഷം ഇതേ മജ്ലിസിൽ തന്നെ ഞാൻ മറുപടി പറയുന്നതാണ്. വ്യർത്ഥമായ രീതിയിൽ ഒന്നും സംസാരിക്കില്ല. മൗലവി സാഹിബ് ചോദിച്ചു: മുൻപറഞ്ഞ മഹാത്മാക്കളുടെ വാക്കുകൾ അംഗീകരിക്കുന്നില്ലെ. ഞാൻ പറഞ്ഞു: അംഗീകരിക്കുന്നു. ഹദ്റത്ത് അബൂബക്കർ, ഹദ്റത്ത് ഉമർ, ഹദ്റത്ത് ഉസ്മാൻ, ഹദ്റത്ത് അലി رضي الله عنهم എന്നിവരെ അംഗീകരിക്കുന്നു. മാത്രമല്ല തിരുനബി ﷺ പറഞ്ഞതുപോലെ **എലൈക്കും ബി സുന്നത്തീ വ സുന്നത്തിൽ ഖുലഫാഉർറാശിദീനൽ മഹ്ദിയ്യീൻ** നിങ്ങൾ ഈ നാല് ഖലീഫമാരിൽ ഖിലാഫത്ത് പരിമിതപ്പെടുത്തിയിരിക്കുന്നു. ഞങ്ങൾ മിർസാ സാഹിബിനെ ഖലീഫത്തുല്ലാഹ് ആയി അംഗീകരിക്കുന്നു. അദ്ദേഹത്തിന്റെ മാർഗം തിരുനബിയുടെ സുന്നത്തായി കണക്കാക്കുന്നു. ഈ വ്യർത്ഥമായ സംസാരത്തിൽ അരമണിക്കൂർ മൗലവി സാഹിബ് ചെലവഴിച്ചു.

മൗലവി സാഹിബ് പറഞ്ഞു: തഫ്സീറില്ലാതെ ഖുർആനെ മനസ്സിലാക്കാൻ കഴിയില്ല. ഞാൻ പറഞ്ഞു: ഇത് തെറ്റാണ്. വിശുദ്ധഖുർആൻ മനസ്സിലാക്കണമെങ്കിൽ തഫ്സീറുകൾ തന്നെ വേണമെങ്കിൽ തഫ്സീറ് ഇല്ലാതായാൽ ഖുർആൻ മനസ്സിലാകില്ലെ. അല്ലാഹു വിശുദ്ധ ഖുർആനിൽ പറയുന്നു.

**വലകദ് യസ്സർന്നൽ ഖുർആന, അഫലാ യതദബ്ബറൂനൽ ഖുർആന** .

ഇവയെല്ലാം പറയുന്നത് മറ്റൊന്നിനെ ആശ്രയിക്കണമെന്നല്ല. ചുരുക്കത്തിൽ മൗലവി യഥാർഥ വിഷയത്തിലേക്ക് കടന്നുവന്നില്ല. അതുമിതും പറഞ്ഞുകൊണ്ടിരുന്നു. ചീഫ് പറഞ്ഞു. സ്തൂലദേഹത്തോടുകൂടി ഈസാനബി ആകാശത്തേക്ക് കയറിപ്പോയിട്ടുണ്ട് എന്ന് പറഞ്ഞ ആയത്ത് കേൾപ്പിക്കുക. മൗലവി സാഹിബ് പറഞ്ഞു: ചീഫ് സാഹിബ്. ഞാൻ ആയത്ത് കേൾപ്പിക്കാം. പക്ഷെ ഇദ്ദേഹം അംഗീകരിക്കുന്ന പ്രശ്നമില്ല. ചീഫ് പറഞ്ഞു: ഇദ്ദേഹം അംഗീകരിച്ചിട്ടില്ലെങ്കിലും മറ്റുള്ളവരെങ്കിലും അംഗീകരിക്കില്ലെ. അവസാനം മൗലവി നിർബന്ധിതനായി പറഞ്ഞു. ഖുർആൻ കൊണ്ടുവരൂ. ഡൽഹിയിൽ പ്രിന്റ് ചെയ്ത വിശുദ്ധഖുർആൻ കൊണ്ടുവന്നു. അത് മൗലവി സാഹിബിന് കൊടുത്തു. കയ്യിൽ വാങ്ങിയ ഉടനെ പറഞ്ഞു. ഇത് മിർസായിയുടെ ഖുർആനാണ്. ഇതിനെ ഞാൻ വാങ്ങില്ല. ഞാൻ പറഞ്ഞു: ഇത് മിർസാ സാഹിബിന്റെ ഖുർആനല്ല, കണ്ണ് തുറന്ന് നോക്കിയാലും. മൗലവി വീണ്ടും ഇത് തന്നെ പറഞ്ഞുകൊണ്ടിരുന്നു. ഞാൻ പറഞ്ഞു. ലഅനതുല്ലാഹി അലൽ കാദിബീൻ. ഇത് മൂന്ന് പ്രാവശ്യം പറഞ്ഞു. മൗലവി സാഹിബ് ഖുർആൻ കയ്യിലെടുത്തു. പ്രസ്സിന്റെ പേര് നോക്കി. എന്നിട്ട് ചോദിച്ചു. ഇതിന്റെ ഗ്രന്ഥകർത്താവ് ആരാണ്. ഞാൻ പറഞ്ഞു. نَعُوْذُ بِاللهِ ഇതിനെ നിങ്ങൾ അല്ലാഹുവിന്റെ ഗ്രന്ഥമായി മനസ്സിലാക്കിയിട്ടില്ലെ. എന്നിട്ടാണോ ഗ്രന്ഥകർത്താവാരാണെന്ന് ചോദിക്കുന്നത്. അപ്പോൾ മൗലവി പറഞ്ഞു. തെറ്റുപറ്റിപ്പോയി. ഇത് ആരെഴുതിയതാണെന്ന് ചോദിച്ചു. ഞാൻ പറഞ്ഞു. മൗലവി സാഹിബ് അൽപം സ്വബോധത്തോടെ സംസാരിച്ചാലും. താങ്കൾ ആ ആയത്ത് എടുത്ത് കാണിച്ചുതരൂ. അദ്ദേഹം അങ്ങോട്ടും ഇങ്ങോട്ടും മറിച്ചുകൊണ്ടിരുന്നു. 20 മിനുറ്റ് പേജുകൾ മറിച്ചുകൊണ്ടിരുന്നു. ഒരായത്തും കിട്ടിയില്ല. അവ

സാനം ഞാൻ പറഞ്ഞു. മൗലവി സാഹിബ് താങ്കൾ 20 ആയത്തുകൾ ഉണ്ടെന്നാണ് പറഞ്ഞത്. ഒന്ന് കാണുന്നില്ലെങ്കിൽ രണ്ടാമത്തെത് എടുക്കുക. രണ്ടാമത്തേതും കാണുന്നില്ലെങ്കിൽ മൂന്നാമത്തേത് എടുക്കുക. ചുരുക്കത്തിൽ മൗലവി സാഹിബിന് ഖുർആനിൽ നിന്നും ആയത്ത് എടുത്ത് കേൾപ്പിക്കാൻ കഴിഞ്ഞില്ല. എന്നിട്ട് പറഞ്ഞു. ഖുർആനിൽ കാണുന്നില്ല, ഞാൻ കേൾപ്പിക്കാം. എന്നിട്ട് മൗലവി ഇപ്രകാരം കേൾപ്പിച്ചു.

وَاِذْ قَالَ اللّٰہُ یٰعِیْسٰی اِنِّیْ مُتَوَفِّیْکَ

അതിന്റെ തർജ്ജമ ഇപ്രകാരം കേൾപ്പിച്ചു. അല്ലാഹു പറയുകയുണ്ടായി. ഓ ഈസാ ഞാൻ നിന്റെ ആത്മാവിനെ ശരീരത്തോടുകൂടി ആകാശത്തേക്ക് ഉയർത്തുന്നതാണ്. അപ്പോൾ ഞാൻ പറഞ്ഞു. മൗലവി സാഹിബ്, ഖുർആനിൽ നിന്നും ആ ആയത്ത് എടുക്കുക. അത് മുമ്പിൽ വെച്ച് ചർച്ച് ചെയ്യാം. മൗലവി സാഹിബ് ഖുർആൻ കയ്യിലെടുത്ത് പത്ത് മിനുട്ട് വരെ പേജുകൾ മറിച്ചുകൊണ്ടിരുന്നു. ഒരായത്തും കിട്ടിയില്ല. ജനങ്ങൾ അദ്ദേഹത്തെ പരിഹസിക്കാൻ തുടങ്ങി. പറഞ്ഞു; നിങ്ങളുടെ ഖുർആന്റെ അറിവ് അത്ഭുതാവഹം തന്നെ. ഒരു പ്രസിദ്ധ ആയത്തുപോലും താങ്കൾക്ക് കിട്ടുന്നില്ലല്ലോ. ജനങ്ങൾ അയാളെ പരിഹസിച്ചുകൊണ്ട് അവിടെനിന്ന് പോയി.

ഇതുപോലുള്ള ഒരു സംഭവം വേറെ ഞാൻ കേൾപ്പിച്ചിരുന്നു. നാമധാരികളായ ഉലമാക്കളുടെ അവസ്ഥയാണിത്.

മുൻശി മഹ്ബൂബ് ആലം സാഹിബ് വിവരിക്കുന്നു. ഹക്കീം മുഹമ്മദലി സാഹിബ് (റൂഹ് ജീവൻ ബൂട്ടീ ശാഹീ തബീബ് റിയാസത്ത് ജമ്മു കശ്മീർ) പെൻഷനു ശേഷം ലാഹോറിൽ താമസമാക്കി. എന്റെ ജോലിയും അവിടെ ആയിരുന്നു. അയാൾ പലപ്പോഴും ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെ എതിർത്ത് സംസാരിക്കാറുണ്ടായിരുന്നു. ചിലപ്പോൾ വളരെ മോശമായി സംസാരിക്കും. ഒരിക്കൽ സംസാരമധ്യേ അയാൾ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام നെക്കുറിച്ച് ദുയ്യൂസ് (ലജ്ജയില്ലാത്തവൻ) ആണെന്ന് പറഞ്ഞു. نَعُوْذُ بِاللّٰہِ ഞാൻ രാത്രിയിൽ കുറേ ദുആ ചെയ്തു. ഇസ്തിഗ്ഫാറും ചെയ്തു. ഇത്രയും അപമര്യാദയായി പെരുമാറിയ വ്യക്തിയുമായി ഞാൻ എന്തിന് സംസാരിച്ചു എന്ന ദുഃഖമായിരുന്നു എനിക്ക്. എന്നാൽ രാത്രിയിൽ അല്ലാഹു എനിക്ക് സ്വപ്നത്തിൽ കാണിച്ചുതരികയാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഹദ്റത്ത് ചിരാഗ്ദീൻ സാഹിബ് മർഹൂമിന്റെ വീട്ടിൽ വന്നിരിക്കുന്നു. ഞാൻ ഹുസൂറിന്റെ സമക്ഷം ഹാജരായിരിക്കുന്നു. ഞാൻ ഹുസൂറിനോട് **السّلام عليكم** എന്ന് പറഞ്ഞപ്പോൾ ഹുസൂർ മറുപടി നൽകി. ***വഅലൈക്കും മുസ്സലാം*** നമ്മെ ദുയ്യൂസ്(ലജ്ജയില്ലാത്തവൻ) എന്ന് പറയുന്നവൻ എവിടെ. ഞാൻ പുറത്തേക്ക് നോക്കിയപ്പോൾ മുഹമ്മദലി വരുന്നുണ്ടായിരുന്നു. ഞാൻ പറഞ്ഞു. മുഹമ്മദലി ഹക്കീം പുറത്തുവന്നിട്ടുണ്ട്. ഹുസൂ ർ പറഞ്ഞു. ഞാൻ അയാളോട് കൂടിക്കാഴ്ച നടത്താൻ ആഗ്രഹിക്കുന്നില്ലെന്ന് അയാളോട് പറയുക. കാരണം താങ്കൾ ലജ്ജയില്ലാത്ത ആളാണ്. ഈ സ്വപ്നത്തിന് ശേഷം അല്ലാഹു എങ്ങനെയാണ് പ്രതികാരം ചെയ്തത് എന്ന് നോക്കുക. അയാളുടെ മകൾ ഒരു യുവാവിനോടൊപ്പം ഓടിപ്പോകുകയും പോലീസ് ഓഫീസർ അവരെ പിടികൂടുകയും ചെയ്തു. ആ യുവാവ് പറഞ്ഞു; ഇത് എന്റെ ഭാര്യയാണ്. പെൺകുട്ടി പറഞ്ഞു; ഞാൻ ജോലിക്കാരിയാണ്. രണ്ടുപേരുടെയും വ്യത്യസ്ഥങ്ങളായ മൊഴികേട്ട് പോലീസിന് സംശയമായി. ഗുജ്റാൻവാല സ്റ്റേഷനിൽ കൊണ്ടുപോയി. ഡെപ്യൂട്ടി കമ്മീഷണറുടെ മുമ്പിൽ ഹാജരാക്കി. അവിടെ വെച്ച് പെൺകുട്ടി പറഞ്ഞു. എന്റെ പിതാവ് ദുയ്യൂസ് ആണ്. നാണമില്ലാത്തവനാണ്. എന്റെ വിവാഹം നടത്തിത്തരുന്നില്ല. ഹക്കീം സാഹിബിന്റെ മകളാണ് ഈ മൊഴി നൽകുന്നത്. ഞാൻ നിർബന്ധിതയായി ഈ യുവാവിന്റെ കൂടെ ഒരു നവാബിന്റെ അടുത്തേക്ക് പോകുകയാണ്. ചുരുക്കത്തിൽ അവൾ തന്റെ അവസ്ഥ വിവരിച്ചു. അസിസ്റ്റന്റ് കമ്മീഷണർ പറഞ്ഞു. നിന്റെ പിതാവിന് ഇത് നാണക്കേടിന് കാരണമായിരിക്കും. എന്നാൽ കുട്ടി തിരിച്ചുപോകാൻ കൂട്ടാക്കിയില്ല. പറഞ്ഞു; എന്നെ ഉപ്പ കൊന്നുകളയും. ഡെപ്യൂട്ടി കമ്മീഷണർ പറഞ്ഞു. ഞാൻ അതിനുള്ള സംവിധാനം ഒരുക്കാം. പെൺകുട്ടിയെ ലാഹോറിലെ ഡെപ്യൂട്ടി കമ്മീഷണറുടെ അടുത്തേക്ക് അയച്ചു. പെൺകുട്ടിയെ ഉപ്പയെ ഏൽപ്പിച്ചു. കുട്ടിയെ ഒന്നും ചെയ്യില്ല എന്ന് ഉറപ്പ് നൽകാൻ പറഞ്ഞു. ഡെപ്യൂട്ടി കമ്മീഷണർ ഹക്കീം സാഹിബിനെ വിളിപ്പിച്ചു. കച്ചേരിയിൽ എത്തിയ ഉടനെ ഹക്കീം സാഹിബിനെ ശകാരിക്കുകയും നീ വലിയ ദുയ്യൂസ് ആണെന്ന് പറയുകയും ചെയ്തു. നീ നിന്റെ കുട്ടിയെ സംരക്ഷിക്കുന്നില്ല. ലജ്ജയില്ലാത്ത നാണം കെട്ട വ്യക്തിയാണ്. നീ യുവതിയുടെ വിവാഹം ചെയ്തുകൊടുക്കാൻ തയ്യാറാകുന്നില്ല. 5000 രൂപയുടെ ജാമ്യം കൊണ്ടുവരിക. എന്നാൽ കുട്ടിയെ നിന്നെ ഏൽപ്പിക്കുന്നതാണ്. ഇതുകൂടാതെ ഇതിലും മോശമായ പര്യവസാനം മറ്റൊരു രീതിയിൽ നടക്കുകയുണ്ടായി. നാട്ടിലാകെ ഹകീം സാഹിബ് ദുയ്യൂസ് ആണെന്ന് പരസ്യമായി. എല്ലാവരും അയാളെ ദുയ്യൂസ് എന്ന് വിളിക്കാൻ തുടങ്ങി. കുറച്ചുനാളുകൾക്ക് ശേഷം ആ പെൺകുട്ടി ഓടിപ്പോകുകയും കൃസ്ത്യാനി ആയിത്തീരുകയും ചെയ്തു.

ഹദ്റത്ത് അമീർഖാൻ സാഹിബ് വിവരിക്കുന്നു. ഹദ്റത്ത് ഖലീഫ അവ്വലിന്റെ വഫാത്ത് സമയത്ത് ചൗധരി ഗുലാം അഹ്മദ് സാഹിബ് പൈഗാമി ആയിട്ടുണ്ടെന്ന് ഞാൻ കേട്ടു. ഞാൻ അദ്ദേഹത്തെ കണ്ട് പൈഗാമികളുടെ അവസ്ഥ എന്താണെന്ന് വിവരിച്ചു. اَلْحَمْدُ لِلّٰہِ അദ്ദേഹത്തെ എന്റെ വാക്കുകൾ സ്വാധീനിച്ചു. പൈഗാമി ചിന്തയിൽ നിന്നും തൗബ ചെയ്ത് ഇവിടെ ഖാദിയാനിൽ വന്നു. ചൗധരി നിഅ്മത്ത് ഖാൻ സാഹിബ് സബ് ജഡ്ജിയെ ഞാൻ ഘേഡി എന്ന സ്ഥലത്ത് വെച്ച് തബ്ലീഗ് ചെയ്തു. കുറച്ചു നാളുകൾക്ക് ശേഷം അദ്ദേഹം അഹ്മദിയായിത്തീർന്നു. അദ്ദേഹം ഉൻആ എന്നസ്ഥലത്തായിരുന്നപ്പോൾ അയാൾ പൈഗാമി ചിന്താഗതിക്കാരനായിട്ടുണ്ടെന്ന് ഞാൻ അറിഞ്ഞു. ഞാൻ അദ്ദേഹവുമായി കത്തിടപാട് നടത്തി. അങ്ങനെ അയാൾ തന്റെ ചിന്താഗതിയിൽ മാറ്റം വരുത്തുകയും ചെയ്തു.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ പൈഗാമികളുടെ എണ്ണം ഇപ്പോൾ വളരെ കുറവാണ്. എവിടെയെല്ലാം അവർ ഉണ്ടായിരുന്നോ അവരെല്ലാം കുറച്ച് വർഷങ്ങൾക്കുള്ളിൽ അഹ്മദികളായിത്തീർന്നിരിക്കുന്നു.

ഹദ്റത്ത് അബ്ദുല്ലാഹ് സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഞാൻ ഹദ്റത്ത് സാഹിബിനെ സന്ദർശിക്കാൻ പോയി. ഹദ്റത്ത് അപ്പോൾ ഒരു സ്ഥലത്ത് നിൽക്കുകയായിരുന്നു. ഒരു സഹാബി ഹദ്റത്ത് സാഹിബിന്റെ അടുത്ത് നിൽക്കുന്നുണ്ടായിരുന്നു. എന്നെ കണ്ട് അദ്ദേഹം ഹുസൂറിനോട് പറഞ്ഞു. മൗലവി അബ്ദുല്ലാഹ് ഘലിറോവാലയാണ്. ഇദ്ദേഹം കുറേ ചർച്ചകൾ നടത്തിയിട്ടുണ്ട്. എപ്പോഴും ഇദ്ദേഹത്തിൽ അല്ലാഹു വിജയം നൽകിക്കൊണ്ടിരിക്കുകയും ചെയ്തു. ഹദ്റത്ത് സാഹിബ് പറഞ്ഞു; സത്യത്തിന് എപ്പോഴും വിജയം ലഭിക്കുന്നു. ഈ വാക്കുകൾ ആ അനുഗ്രഹീത നാവിൽ നിന്നും കേട്ടപ്പോൾ എനിക്ക് തൃപ്തിയായി. വളരെ സന്തോഷമായി. ആ നാവിൽ നിന്നും ഇത് കേൾക്കാൻ സാധിച്ചതുകൊണ്ട് ഞാൻ സത്യത്തിൽ നിലയുറച്ചുനിൽക്കുമെന്ന് എനിക്ക് ബോധ്യമായി. അല്ലാഹു എനിക്ക് എപ്പോഴും വിജയം നൽകുന്നതാണെന്നും ഉറപ്പായി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അതിനുശേഷം എനിക്ക് അവൻ ഒരിക്കലും പരാജയം നൽകിയിട്ടില്ല. വിജയം തന്നെയാണ് നൽകിയത്.

ഹദ്റത്ത് ചൗധരി മുഹമ്മദലി സാഹിബ് വിവരിക്കുന്നു. എന്റെ പിതാവ് സിയാൽകോട്ട് ജൽസയിൽ പങ്കെടുക്കാനായി

എന്നെ കൊണ്ടുപോയി. തിരിച്ചുവരുമ്പോൾ ഒരു സ്ഥലത്ത് വെച്ച് തബ്‌ലീഗ് ചെയ്യാൻ തുടങ്ങി. അദ്ദേഹം സ്വയം ബൈഅത്ത് ചെയ്തു വന്നതായിരുന്നു. അദ്ദേഹത്തിന്റെ തബ്‌ലീഗ് മുഖേന ഘട്ടി വാലിയാൻ എന്ന സ്ഥലത്തെ ആളുകൾ പെട്ടെന്ന് ബൈഅത്ത് ചെയ്യാൻ തുടങ്ങി. ഗുലാം റസൂൽ ബസ്‌റാ സാഹിബ് പറയുന്നതായി ഞാൻ കേട്ടു. ഹദ്റത്ത് സാഹിബ് ഘട്ടിയാലിയാനിൽ നിന്നും കുറേപേർ ബൈഅത്ത് ചെയ്യുന്നതായി കണ്ടപ്പോൾ ചോദിച്ചു. ഈ ഘട്ടിയാലിയാൻ ഗ്രാമമാണോ അതോ പട്ടണമാണോ. (ചൗധരി മുഹമ്മദലി സാഹിബിന്റെ സഹോദരൻ ഹകീം അലി സാഹിബ് ഈ രിവായത്തിനെ സത്യപ്പെടുത്തുകയുണ്ടായി.)

ശൈഖ് അബ്ദുറ്റശീദ് സാഹിബിന്റെ ഒരു നിവേദനമാണ്. മൗലവി മുഹമ്മദലി സാഹിബ് ഭോപ്ടി അനഹ്മദി ഇവിടെ വരാറുണ്ടായിരുന്നു. നല്ല സ്വരമായിരുന്നു അദ്ദേഹത്തിന്റേതും. അദ്ദേഹത്തിന്റെ വയള് കേൾക്കാൻ ഇഷ്ടം പോലെ സ്ത്രീകൾ പോകുമായിരുന്നു. വയളും നല്ല രീതിയിൽ നൽകുമായിരുന്നു. തിലാവത്ത് ഭംഗിയായി ചെയ്യുമായിരുന്നു. രണ്ട് മൂന്ന് മാസം ഇവിടെ താമസിക്കുമായിരുന്നു. അയാൾ വന്ന് ഹദ്റത്ത് സാഹിബിനെ എതിർക്കാൻ തുടങ്ങി. മോശമായി സംസാരിക്കുമായിരുന്നു. അയാളുമായി സംവാദവും ചർച്ചയും എല്ലാം നടന്നുകൊണ്ടിരുന്നു. എന്റെ മാതാപിതാക്കൾ എന്നെ വീട്ടിൽ നിന്നും പുറത്താക്കി. മതാവാണ് കൂടുതൽ കാർക്കശ്യം കാണിച്ചിരുന്നത്. മൗലവി ഭോപ്പിടിയുടെ സ്വാധീന വലയത്തിലായിരുന്നു അവർ. മാതാപിതാക്കൾ എതിർത്തതുകാരണം മാസങ്ങളോളം എനിക്ക് വീട്ടിനുപുറത്ത് നിൽക്കേണ്ടിവന്നു. എന്റെ പിതാവ് എന്റെ ഉമ്മയോട് പറയാറുള്ളത് ആദ്യം ഈ കുട്ടിക്ക് മതത്തോട് ഒരു താൽപര്യവും ഇല്ലായിരുന്നു. ഉറങ്ങിക്കിടക്കും ഇപ്പോൾ നമസ്ക്കരിക്കാൻ തുടങ്ങി. തഹജ്ജുദ് നമസ്ക്കരിക്കും. എന്ത് കാരണം കൊണ്ടാണ് ഞാൻ അവനെ പുറത്താക്കും. എന്നിരുന്നാലും ഭൗതികകാര്യങ്ങളെ മുൻനിർത്തി എന്നോട് പറയും നീ മിർസാഇയ്യത്ത് ഉപേക്ഷിക്കുക. ഞാൻ പറയാറുള്ളത് എനിക്ക് കാര്യങ്ങൾ മനസ്സിലാക്കിത്തന്നാൽ മതി. മുഹമ്മദ് ഹുസൈൻ സാഹിബുമായി ഈ സമയങ്ങളിൽ സംസാരം നടക്കുകയുണ്ടായി. മൗലവി ഹുസൈൻ സാഹിബ് ഞങ്ങളുടെ ഇടപാടുകാരനായിരുന്നു. അദ്ദേഹം വാങ്ങിയ കടം തിരിച്ചുവാങ്ങാൻ എന്നെ ഉപ്പ അയക്കും. ഒരിക്കൽ മൗലവി സാഹിബ് ഒരു നോട്ടീസ് പ്രസിദ്ധീകരിച്ചു. അതിൽ രക്തദാഹിയായ മഹ്ദി വരില്ലെന്നും എഴുതിയിരുന്നു. എന്നിട്ട് അതിൽ എഴുതിയിരുന്നത് ഈ ഹദീസെല്ലാം കെട്ടിച്ചമച്ചതാണെന്നാണ്. ഹദ്റത്ത് സാഹിബിനും ഈ നോട്ടീസ് കിട്ടി. ഈ നോട്ടീസ് കിട്ടിയപ്പോൾ ഹദ്റത്ത് സാഹിബ് ഫത്ത്‌വ ആവശ്യപ്പെടുന്ന ഒരു നോട്ടീസ് ഉണ്ടാക്കി. ഡോക്ടർ മുഹമ്മദ് ഇസ്മാഈൽ സാഹിബ് ഗോഡ്ഗാവയെ മൗലവിമാരുടെ അടുത്തേക്ക് അയച്ചു. ഉലമാക്കളുടെ അടുത്ത് ചെന്ന് അദ്ദേഹം ഫത്ത്‌വ ആവശ്യപ്പെട്ടു. ചില ഉലമാക്കൾ ഫത്‌വ നൽകി. ചിലർ ഫത്‌വ നൽകില്ലെന്ന് പറഞ്ഞു. ഡോക്ടർ സാഹിബ് ഹദ്റത്ത് സാഹിബിനോട് പറയാറുണ്ടായിരുന്നു. ഞാൻ ചില സന്ദർഭങ്ങളിൽ മുന്തിരിയോ മറ്റ് പഴവർഗ്ഗങ്ങളോ മൗലവിമാർക്ക് നൽകാറുണ്ടായിരുന്നു. അപ്പോൾ അവർ ഇഷ്ടമുള്ള ഫത്‌വ നൽകും. (മൗലവിക്ക് സമ്മാനം നൽകിയാൽ ഏതുതരം ഫത്‌വ വേണമെങ്കിലും അവർ നൽകുന്നതാണ്. ഇന്നും ഇത് പറ്റും. പക്ഷെ വില അൽപം കൂടുതലാണെന്ന് മാത്രം.) ആദ്യം ഫത്‌വ നൽകില്ല എന്ന് അവർ പറഞ്ഞിരിക്കും. എന്നാലും ഇത് നൽകിയാൽ ഫത്‌വ നൽകും. ഈ സംസാരം കേൾക്കുമ്പോൾ തലപ്പാവിന്റെ അറ്റംകൊണ്ട് വായ പൊത്തിപ്പിടിച്ച് ഹുസൂർ ചിരിക്കുമായിരുന്നു.

അദ്ദേഹം പറയുന്നു. മൗലവി സാഹിബ് ഈ ഫത്‌വ നൽകി എന്നതിനെക്കുറിച്ച് എനിക്കറിയാമായിരുന്നു. ഒരിക്കൽ സംസാരമധ്യേ ഞാൻ മൗലവി സാഹിബിനോട് പറഞ്ഞു. മഹ്ദിയെക്കുറിച്ചുള്ള താങ്കളുടെ കാഴ്ചപ്പാട് താങ്കൾ പ്രസിദ്ധീകരിക്കുകയുണ്ടായി. ഇതുമായി ബന്ധപ്പെട്ട ഹദീസുകൾ ദുർബലമാണെന്നും താങ്കൾ പറഞ്ഞു. അതോടൊപ്പം മഹ്ദി വരും എന്ന് ജനങ്ങളോട് നിങ്ങൾ പറയുകയും ചെയ്യുന്നു. ഈ ഇരട്ട വാദം എന്തിനാണ് പുറപ്പെടുവിച്ചത്. യഥാർഥ വിശ്വാസം എന്താണെന്ന് എന്തുകൊണ്ട് പറയുന്നില്ല. എന്നാൽ എന്റെ ഈ കാര്യങ്ങൾക്ക് ഒരു മറുപടിയും നൽകാറില്ല. എന്നോട് പറയാറുള്ളത് നീ പോയി മിർസായി ആയിക്കോ. നിനക്കിതിലെന്തു കാര്യം.

ഹദ്റത്ത് ശൈഖ് മുഹമ്മദ് ഇസ്ഹാക്ക് സാഹിബ് പറയുന്നു: ഒരിക്കൽ ഹദ്റത്ത് അഖ്ദസ് മസീഹ് മൗഊദ് عليه السلام അസർ നമസ്ക്കാരം കഴിഞ്ഞ് മസ്ജിദ് മുബാറക്കിൽ ഇരിക്കുകയായിരുന്നു. ഒരു പുതിയ ആഗതൻ പറഞ്ഞു. ഞങ്ങളുടെ ഗ്രാമത്തിൽ ഒരു മൗലവി സാഹിബ് വന്നു. രാത്രി അവിടെ അനഹ്മദികൾ അദ്ദേഹത്തോട് വഅള് പറയിപ്പിച്ചു. ഞങ്ങളും കേൾക്കാൻ പോയി. ആ മൗലവി ലാനബിയ്യ ബഅ്ദീ എന്ന ഹദീസ് കേൾപ്പിച്ചുകൊണ്ട് ജനങ്ങളെ ഇളക്കിവിട്ടു. അദ്ദേഹം പറഞ്ഞു: ജനങ്ങളെ നോക്കുക. തിരുനബി ﷺ പറഞ്ഞത് ഇതാണ്. എനിക്ക് ശേഷം ഒരു നബിയും ഉണ്ടാകുകയില്ല. ഖാദിയാനിലെ മിർസാ സാഹിബ് പറയുന്നത് ഞാൻ നബിയാണെന്നാണ്. റസൂലാണെന്നും പറയുന്നു. തുടർന്ന് പഞ്ചാബിയിൽ പറഞ്ഞു. നാമെന്ത് ചെയ്യണം, നമുക്ക് മിർസാ സാഹിബിനെ നബിയും റസൂലുമായി അംഗീകരിക്കാൻ എങ്ങനെ കഴിയും. ഞാൻ എഴുന്നേറ്റ് നിന്ന് പറഞ്ഞു. മൗലവി സാഹിബ്. തിരുനബി ﷺ മസ്ജിദ് നബവിയെക്കുറിച്ച് പറഞ്ഞത് ഇതിനുശേഷം ഇനി ഒരു പള്ളിയുമില്ല എന്നാണ്. ഇതിന് എന്തർത്ഥമാണ് നിങ്ങൾ നൽകുക. ഇതിനുശേഷം പള്ളികളില്ല എന്ന ഹദീസിന് എന്തൊരർത്ഥമാണ് താങ്കൾ നൽകുക. അതേ അർഥം ലാനബിയ്യ ബഅ്ദീ എന്ന ഹദീസിനും ഞങ്ങൾ നൽകുന്നതാണ്. തിരുനബി ﷺ കൊണ്ടുവന്ന ശരീഅത്തിനെ ദുർബലപ്പെടുത്തുന്ന ഒരാളും നബി ആയിരിക്കില്ല എന്ന് ഉറപ്പിച്ച് പറയാവുന്നതാണ്. കാരണം തിരുനബി ﷺ യുടെ ശരീഅത്ത് അവസാന ശരീഅത്താണ്. അതുകൊണ്ട് പുതിയ ഒരു ശരീഅത്തും കൊണ്ടുവരുന്ന ഒരു നബിയും വരില്ല. ഇതുകേട്ടപ്പോൾ മൗലവി വെപ്രാളപ്പെട്ടു. എന്നിട്ട് ചീത്ത പറയാൻ തുടങ്ങി. മറുപടി ഇല്ലാതാകുമ്പോൾ ഇതാണ് അവസ്ഥ. ഞാൻ പറഞ്ഞു. മൗലവി സാഹിബ്; നിങ്ങൾ ചീത്ത പറയുന്നതിന് ഞങ്ങൾ മറുപടി പറയില്ല. ഈ സഹോദരന്റെ സംഭവം കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് സന്തോഷിക്കുകയും പുഞ്ചിരിക്കുകയും ചെയ്തു.

ഇക്കാലത്തും പൊതുവിൽ തിരുനബി ﷺ ക്ക് ശേഷം ഒരു നബിയും വരില്ല എന്ന വിഷയം എടുത്ത് കൊണ്ടാണ് ജനമനസ്സുകളിൽ വിഷം കുത്തിനിറക്കുന്നത്. ഇവർ മിർസാ സാഹിബിനെ നബിയായി അംഗീകരിക്കുന്നു. പാക്കിസ്ഥാനിൽ ഈ കാര്യം പറഞ്ഞുകൊണ്ടാണ് കൂടുതലും അഹ്മദികൾക്കെതിരിൽ എതിർപ്പ് ആളിക്കത്തിച്ചുകൊണ്ടിരിക്കുന്നത്.

മിയാൻ ശറാഫത്ത് അഹ്മദ് സാഹിബ് തന്റെ പിതാവ് ജലാലുദ്ദീൻ സാഹിബ് മർഹൂമിനെക്കുറിച്ച് വിവരിച്ചുകൊണ്ട് എഴുതുന്നു. പിതാവിന് ദീനീ സേവനത്തിന് വലിയ താൽപര്യമായിരുന്നു. ഈ വാർദ്ധക്യത്തിൽപോലും പ്രവർത്തനത്തിൽ യുവാക്കളെക്കാളും കടത്തിവെട്ടുമായിരുന്നു. ഹദ്റത്ത് ഖലീഫത്തുൽ മസീഹ് സാനി തന്റെ ഖുത്വുബയിൽ 1934 ൽ അദ്ദേഹത്തിന്റെ മരണത്തെ ശഹാദത്തായി പറയുകയുണ്ടായി. അതിൽ പറഞ്ഞ ഒരു കാര്യം മൗലവി സാഹിബ് യുവാക്കളെക്കാളും ഊർജ്ജസ്വലമായി പ്രവർത്തിക്കാറുണ്ടായിരുന്നു എന്നാണ്. ഹുസൂർ പറഞ്ഞു. തബ്‌ലീഗിൽ മത്ത് പിടിച്ചതുപോലെ പ്രവർത്തിക്കുന്ന മൂന്ന് പേരെ ഞാൻ കണ്ടിട്ടുണ്ട്. ഒന്ന് ഹാഫിസ് റോശൻ അലി

സാഹിബ് മർഹൂം. രണ്ടാമത്തേത് ഈ മൗലവി സാഹിബ്, മൂന്നാമത്തേത് ഗുലാം റസൂൽ സാഹിബ് രാജകി. ഈ മൂവ്വരും രാവും പകലും നോക്കാതെ തബ്ലീഗിൽ മുഴുകുമായിരുന്നു.

മിയാൻ ശറാഫത്ത് അഹ്മദ് സാഹിബിന്റെ ഒരു രിവായത്ത്. അദ്ദേഹം തന്റെ പിതാവ് മൗലവി ജലാലുദ്ദീൻ സാഹിബിന്റെ അവസ്ഥ വിവരിച്ചുകൊണ്ട് പറയുന്നു. പിതാവ് തബ്ലീഗുമായി ബന്ധപ്പെട്ട തന്റെ ഒരു സ്വപ്നം വിവരിക്കാറുണ്ടായിരുന്നു. അത് ഞാൻ എഴുതാം. ഒരിക്കൽ ഞാൻ സ്വപ്നത്തിൽ കണ്ടു. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഞങ്ങളുടെ വീട്ടിലോ ഗ്രാമത്തിലോ വന്നിട്ടുണ്ട്. എന്നോട് പേന ആവശ്യപ്പെടുന്നു. ഉടനെ ഞാൻ ഉണർന്നു. കുറച്ച് കാലം കഴിഞ്ഞപ്പോൾ ഞാൻ ഖാദിയാനിൽ പോയി. എന്റെ കൂടെ ഖദറിന്റെ 5 മുഴം നീളമുള്ള ചാദറും മറ്റു വസ്തുക്കളും ഉണ്ടായിരുന്നു. അത് ഞാൻ ഹുസൂറിന് സമർപ്പിച്ചു. എന്നിട്ട് പേന ചോദിക്കുന്നതിന്റെ അർത്ഥം എന്താണെന്ന് ചോദിച്ചു. ഹുസൂർ എന്റെ ചെറിയ തുഹ്ഫ സ്വീകരിച്ചുകൊണ്ട് പറഞ്ഞു. താങ്കൾ സ്വപ്നം പൂർത്തിയാക്കിക്കഴിഞ്ഞിരിക്കുന്നു. പേന എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് താങ്കൾ എഴുത്തു മുഖേനയും പ്രഭാഷണങ്ങൾ മുഖേനയും ദീനീ സേവനം ചെയ്യും എന്നാണ്. ഉപ്പ പറയുന്നു. ഇതിനുശേഷം എന്റെ പൂർണ്ണ ശക്തി പ്രയോജനപ്പെടുത്തിക്കൊണ്ട് ഞാൻ തബ്ലീഗ് ചെയ്യാൻ തുടങ്ങി. അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന്റെ പ്രയത്ന ഫലം കണ്ടു. രണ്ട് സഹോദരന്മാർ ബൈഅത്തിൽ പ്രവേശിച്ചു. അതിൽ ഒരാൾ ആ പ്രദേശത്തെ സർവ്വാംഗീകൃത പണ്ഢിതനായിരുന്നു. മൗലവി മുഹമ്മദലി സാഹിബ് എന്നായിരുന്നു പേര്.

മൗലവി ജലാലുദ്ദീൻ സാഹിബ്, മൗലവി അലി മുഹമ്മദ് സാഹിബ് എന്നിവർ അഹ്മദി ആയിരിക്കുന്നു എന്ന് എതിരാളികൾ അറിഞ്ഞപ്പോൾ അവർ പരാജയം സമ്മതിച്ചു. മുഹമ്മദലി, മുഹമ്മദ് ശാ ഇവർ രണ്ട് അനഹ്മദികളും നിരാശരായി അവിടെ നിന്ന് പോയി. ഫിറോസ്പൂർ വരെ കരഞ്ഞുകരഞ്ഞുകൊണ്ടാണ് പോയത്. അടുത്ത ഏതോ ബന്ധുക്കൾ വഫാത്തായതുപോലെ. മൗലവി സാഹിബിന്റെ പ്രവർത്തനഫലമായി ജില്ല ഫിറോസ്പൂരിലെ സീറാ എന്ന സ്ഥലത്തും മറ്റു പല സ്ഥലങ്ങളിലും ജമാഅത്തുകൾ സ്ഥാപിതമായി.

ശറാഫത്ത് അഹ്മദ് സാഹിബിന്റെ ഒരു രിവായത്ത്. മൗലവി ജലാലുദ്ദീൻ സാഹിബിനെക്കുറിച്ചാണിത്. പിതാവ് 1924 ൽ മൽക്കാനയിൽ തബ്ലീഗിനായി പുറപ്പെട്ടു. അവിടെ തബ്ലീഗ് തുടങ്ങി. മൽക്കാനാ, ബൻചാരോ എന്നീ കൂട്ടരെ കൂടാതെ ആ നാട്ടിലെ പ്രമാണിമാരുമായും ബന്ധം സ്ഥാപിച്ചു. തന്റെ കീറിപ്പറിഞ്ഞ പഴയ വസ്ത്രം ധരിച്ചുതന്നെ ഭരണകർത്താക്കളെയും പോയിക്കണ്ടു. എഴുപത് എമ്പത് വയസ്സ് പ്രായമുള്ള ഈ വൃദ്ധനായ വ്യക്തി തന്റെ ഭാണ്ഢവും പേറി നടക്കുന്നത് അവർ കാണുന്നു. എല്ലാവരും മുസ്ലിം ആയിത്തീരണം എന്നതാണ് രാപ്പകൾ അദ്ദേഹത്തിന്റെ ആഗ്രഹം. അഹ്മദിയ്യത്ത് സ്വീകരിക്കുന്നവരായി മാറണം എന്നതാണ് അദ്ദേഹത്തിന്റെ ആകെ ചിന്ത. ഈ പ്രവർത്തനം മറ്റുള്ളവരെ വളരെയധികം സ്വാധീനിച്ചു. അവരോട് ചന്ത പിരിക്കാറുണ്ടായിരുന്നു. ഈ ജമാഅത്ത് പ്രവർത്തിക്കുന്ന ജമാഅത്താണെന്ന് പറഞ്ഞ് അവർ പണം നൽകിയിരുന്നു. ഈ പ്രദേശങ്ങളിൽ അദ്ദേഹത്തിന്റെ പ്രവർത്തന ഫലമായി പലരും ഈ സത്യപ്രസ്ഥാനത്തിൽ പ്രവേശിക്കുകയുണ്ടായി.

ഹാഫിസ് ഗുലാം റസൂൽ വസീറാബാദീ സാഹിബ് വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ് عليه السلام മിയാൻ ബശീർ അഹ്മദ് സാഹിബിന്റെ വീട്ടിൽ ഇരിക്കുകയായിരുന്നു. പല സുഹൃത്തുക്കളെയും അവിടെ ഒരുമിച്ചുകൂട്ടിക്കൊണ്ട് പറഞ്ഞു. ഞാൻ ഹൈസ്കൂൾ സ്ഥാപിക്കാനുണ്ടായ ഉദ്ദേശ്യം ഇവിടെനിന്ന് ജനങ്ങൾ അറിവ് കരസ്ഥമാക്കി പുറത്ത് പോയി തബ്ലീഗ് ചെയ്യാൻ വേണ്ടിയാണ്. എന്നാൽ ദുഃഖകരമെന്ന് പറയട്ടെ. ജനങ്ങൾ അറിവ് കരസ്ഥമാക്കിയതിനുശേഷം തന്റെ ബിസിനസ്സിൽ മുഴുകുന്നു. എന്റെ ലക്ഷ്യം പൂർത്തിയാകുന്നില്ല. മതപഠനത്തിന്നായി ആരെങ്കിലും തന്റെ മക്കളെ എനിക്ക് നൽകാൻ തയ്യാറുണ്ടോ. ആ സമയത്ത് എന്റെ ചെറിയ മകൻ മൗലവി ഉബൈദുല്ലാ മർഹൂം എന്റെ അടുത്തുണ്ടായിരുന്നു. ഞാൻ അവനെ ഹദ്റത്ത് സാഹിബിനെ ഏൽപ്പിച്ചു. ഹദ്റത്ത് സാഹിബ് അവന്റെ കൈ തന്റെ തിരുകരം കൊണ്ട് പിടിച്ചു. മിയാൻ ഫള്ലുദ്ദീൻ സാഹിബ് സിയാൽ കോട്ടിയായിരുന്നു അപ്പോൾ മദ്റസ അഹ്മദിയ്യായിലെ പ്യൂൺ. കുട്ടിയെ അദ്ദേഹത്തെ ഏൽപ്പിച്ചുകൊണ്ട് പറഞ്ഞു. ഈ കുട്ടിയെ മുഫ്ത്തി മുഹമ്മദ് സാദിഖ് സാഹിബിനെ ഏൽപ്പിക്കുക. ആ കാലത്ത് മദ്റസ അഹ്മദിയ്യായിലെ ഹെഡ്മാസ്റ്റർ മുഫ്തി സാഹിബായിരുന്നു.

ചുരുക്കത്തിൽ മദ്റസ്സാ അഹ്മദിയ്യായിൽ പ്രവേശിച്ച് അവൻ ആലിം ഫാസിലായി. ഖലീഫാ സാനി തന്റെ ഖിലാഫത്ത് കാലത്ത് അവനെ മൊറീഷ്യസിൽ മുബല്ലിഗായി അയച്ചു. ആറേമുക്കാൽ വർഷം തബ്ലീഗ് പ്രവർത്തനം ചെയ്തുകൊണ്ടിരുന്നു. അവസാനം അല്ലാഹു തന്റെ ഹിക്മത് അനുസരിച്ച് അവന് മരണം നൽകി. അതിനുശേഷം ഒരു ഭാര്യയും മകളും മകനും ശേഷിച്ചു. ഖലീഫത്തുൽ മസീഹ് സാനിയുടെ നിർദ്ദേശപ്രകാരം ഞാൻ പോയി 1924 ൽ തിരിച്ചുകൊണ്ടുവന്നു. എന്റെ ഇളയ സഹോദരൻ ഗുലാം മുഹമ്മദ് സാഹിബിന്റെ മകളായ അദ്ദേഹത്തിന്റെ ഭാര്യ രണ്ട് വർഷത്തിനുശേഷം വഫാത്തായി. ഇവരും നല്ല വാചാലയായ മുബല്ലിഗ ആയിരുന്നു. **അല്ലാഹുമ്മഗ്ഫിർ ലഹാ വർഹംഹാ**

രണ്ട് കുട്ടികളും എന്റെ ശിക്ഷണത്തിൽ വളർന്നു. പെൺകുട്ടിയുടെ വിവാഹം നടന്നു. മകൻ ബശീറുദ്ദീൻ എന്റെ അടുത്തുണ്ട്. മദ്രസ അഹ്മദിയ്യായിൽ ഇപ്പോൾ പഠിച്ചുകൊണ്ടിരിക്കുകയാണ്. അവൻ വിദ്യാഭ്യാസം പൂർത്തിയാക്കി തന്റെ പിതാവ് മൗലവി ഉബൈദുല്ലാഹ് ശഹീദ് മർഹൂമിന്റെ സ്ഥലത്ത് പോയി തബ്ലീഗ് പ്രവർത്തനം തുടരണം എന്നതാണ് എന്റെ ആഗ്രഹം.

അല്ലാഹുവിന്റെ അനുഗ്രഹത്താൽ അദ്ദേഹത്തിന് അതിനുള്ള അവസരം ലഭിച്ചു. ഖലീഫ സാനി رضي الله عنه അദ്ദേഹത്തെയും മൗറീഷ്യസിലേക്ക് അയച്ചു. അവിടെ ഒരു ദീർഘകാലം നിന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ മക്കൾ ഇക്കാലത്ത് ഇവിടെയാണ് താമസിക്കുന്നത്. മുബല്ലിഗ് ആയിട്ടില്ല. ഇദ്ദേഹം മൗറീഷ്യസിൽ ഒരു ദീർഘകാലം സേവനം ചെയ്തിട്ടുണ്ട്.

മിയാൻ ശറാഫത്ത് അഹ്മദ് സാഹിബ് തന്റെ പിതാവ് മൗലവി ജലാലുദ്ദീൻ മർഹൂമിന്റെ സംഭവം വിവരിച്ചുകൊണ്ട് പറയുന്നു. ജുമുഅ ദിവസം ഘനൂക്കാനിങ്കളെ എന്ന സ്ഥലത്തേക്ക് ജുമുആ നമസ്ക്കരിപ്പിക്കാൻ പോകുകയായിരുന്നു. വഴിയിൽ രണ്ട് പൈസക്ക് കടല വാങ്ങി. വസ്ത്രമെല്ലാം വൃത്തിയാക്കി കടല തിന്ന് യാത്രക്കൊരുങ്ങി. പുറത്ത് ഇറങ്ങി നടന്നപ്പോൾ ശക്തമായ ഉഷ്ണകാറ്റ് ഏറ്റു. ബോധരഹിതനായി വഴിയിൽ കിടന്നു. വഴിപോക്കർ ആരോ പോലീസ് സ്റ്റേഷനിൽ ചെന്ന് പറഞ്ഞു. ചൂട് കാറ്റ് ഏറ്റ് ഖാദിയാനി മൗലവി വഴിയിൽ കിടപ്പുണ്ട്. അദ്ദേഹത്തെ സ്നേഹിക്കുന്ന ഒരു പോലീസുകാരൻ ഓടിവന്നു. വഴിയിൽ വണ്ടിയൊന്നും കിട്ടിയില്ല. അദ്ദേഹത്തെ താങ്ങിപ്പിടിച്ച് പതുക്കെപ്പതുക്കെ പോലീസ് സ്റ്റേഷനിലേക്ക് നടക്കുകയായിരുന്നു. നല്ല ഉഷ്ണക്കാറ്റ് വീശുന്നുണ്ടായിരുന്നു. അദ്ദേഹത്തിന് മുന്നോട്ട് നടക്കാൻ ശക്തി ഉണ്ടായിരുന്നില്ല. വഴിയിൽ ഒരു ധരംശാല ഉണ്ടായിരുന്നു. അവിടെ അദ്ദേഹം തങ്ങി. മുമ്പോട്ട് നടക്കാൻ ജനങ്ങൾ പറഞ്ഞെങ്കിലും അദ്ദേഹം പറഞ്ഞു. എത്തേണ്ടിടത്ത് എത്തിയിരിക്കുന്നു. ജനങ്ങൾ മരുന്നെല്ലാം കൊടുത്തു. എന്നാൽ ഒന്നും ഫലം ചെയ്തില്ല. നിങ്ങളുടെ കുട്ടിക്ക് കമ്പി സന്ദേശം അയക്കാം

എന്ന് ആളുകൾ പറഞ്ഞു. അദ്ദേഹം പറഞ്ഞു. കുട്ടിയാണ് പേടിച്ചുപോകും. അല്ലാഹുവിനെ ഏൽപ്പിക്കാം. അതിനുശേഷം ഈ ശിഷ്യൻ തന്റെ യജമാനന്റെ ആജ്ഞ അനുസരിച്ച്കൊണ്ട് തബ്ലീഗ് പ്രവർത്തനങ്ങൾ ചെയ്ത് തന്റെ അല്ലാഹുവിന്റെ അടുത്തേക്ക് യാത്രയാവുകയുണ്ടായി. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹത്തിന്റെ ജനാസ അനഹ്മദികളാണ് അനുഷ്ടിച്ചത്. അവിടെ അഹ്മദികൾ ആരും ഇല്ലായിരുന്നു. അവർ തന്നെ മറവ് ചെയ്യുകയും ചെയ്തു. അല്ലാഹു അവർക്ക് പ്രതിഫലം നൽകട്ടെ. രണ്ടാമത്തെയോ മൂന്നാമത്തെയോ ദിവസം അഹ്മദികൾക്ക് അറിയാൻ കഴിഞ്ഞു. അവർ എന്നെ അറിയിച്ചു. ഖലീഫത്തുൽ മസീഹ് സാനിയെ അറിയിച്ചു. ജുമുആയിൽ ഹുസൂർ അദ്ദേഹത്തെക്കുറിച്ച് പരാമർശിച്ചു. ജുമുആയിൽ ജനാസ ഗാഇബ് നമസ്ക്കരിച്ചു. മർഹൂം മൂസിയായിരുന്നു. അതുകൊണ്ട് അദ്ദേഹത്തിന്റെ ഓർമ്മക്കുറിപ്പ് ബിഹിശ്തി മഖ്ബറയിൽ വെച്ചിട്ടുണ്ട്. അല്ലാഹു ഇവരുടെ എല്ലാവരുടെയും ദർജാത്തുകൾ ഉയർത്തുമാറാകട്ടെ. ഈ ഒരാത്മാവ് നമ്മിലും നമ്മുടെ മക്കളിലും എപ്പോഴും നിലനിർത്തട്ടെ.

ഹദ്റത്ത് മസീഹ് മൗഊദ് عليه السلامന്റെ ചില ഉദ്ധരണികൾ ഞാൻ വായിക്കാം. ആധുനിക വിജ്ഞാനത്തെക്കുറിച്ച് എതിർക്കുന്ന മൗലവിമാരെ ഞാൻ അബദ്ധം പിണഞ്ഞവരായി കാണുന്നു. അവർ തങ്ങളുടെ തെറ്റുകളെയും ബലഹീനതകളെയും മറച്ചുവെക്കുവാനാണ് അങ്ങനെ ചെയ്യുന്നത്. ആധുനിക വിജ്ഞാനത്തിനു വേണ്ടിയുള്ള അന്വേഷണങ്ങൾ ഇസ്ലാമിൽ നന്നും അകറ്റുന്നതും ഇസ്ലാമിനെ മോശമായി കാണുന്നതുമാണെന്ന് അവർ മുൻകൂട്ടി തീരുമാനിച്ചുവെച്ചിരിക്കുകയാണ്. യുക്തിയും സയൻസും ഇസ്ലാമിന് കടകവിരുദ്ധമാണെന്നാണ് അവർ ധരിച്ചുവെച്ചിരിക്കുന്നത്. ഇന്നുള്ള യുക്തിചിന്തകളുടെ വൈകല്യങ്ങളെ എടുത്ത് കാണിക്കാൻ അവർക്ക് കഴിവില്ലാത്തതുകൊണ്ട് തങ്ങളുടെ ഈ ബലഹീനതയെ മൂടിവെക്കുവാൻ ആധുനിക വിജ്ഞാനം കരസ്ഥമാക്കുന്നത് തന്നെ അനുവദനീയമല്ലെന്ന് അവർ പറയുന്നു. അവരുടെ ആത്മാക്കൾ യുക്തി ശാസ്ത്രം കേൾക്കുമ്പോൾ പേടിച്ചുവിറക്കുന്നു. അതോടൊപ്പം ആധുനിക കണ്ടുപിടുത്തങ്ങളുടെ മുമ്പാകെ സുജൂദ് ചെയ്യുന്നു. എന്നാൽ ദൈവിക വെളിപാട് മുഖേന ലഭിക്കുന്ന യഥാർഥ യുക്തി ശാസ്ത്രം അവർക്ക് ലഭിച്ചിട്ടില്ല. അത് വിശുദ്ധ ഖുർആനിൽ കുത്തി നിറച്ചിരിക്കുന്നു. വളരെ വിനയത്തോടും എളിമയോടുംകൂടി അല്ലാഹുവിന്റെ കവാടത്തിൽ തങ്ങളെ സമർപ്പിക്കുന്നവർക്ക് മാത്രമാണ് അത് ലഭിക്കുക. അവരുടെ ഹൃദയത്തിൽ നിന്നും ചിന്തകളിൽ നിന്നും അഹങ്കാരത്തിന്റെ വിഷാംശം ഇല്ലാതായിത്തീരണം. തന്റെ ബലഹീനതകളെ അംഗീകരിച്ചുകൊണ്ട് യഥാർഥ ദാസത്വത്തെ അംഗീകരിക്കുന്നവരായിരിക്കണം അവർ.

അതുകൊണ്ട് ഇക്കാലത്ത് ദീനീസേവനത്തിനായും ദൈവവചന പ്രഘോഷണത്തിനായും ആധുനിക വിജ്ഞാനം കരസ്ഥമാക്കേണ്ടതാണ്. കഠിന പ്രയത്നത്തോടെ കരസ്ഥമാക്കുക. അതോടൊപ്പം എന്റെ അനുഭവം മുന്നറിയിപ്പെന്ന നിലക്കും ഞാൻ പറയാൻ ആഗ്രഹിക്കുന്നു. ഈ അറിവ് കരസ്ഥമാക്കുന്നതിൽ മാത്രം സമയം കണ്ടെത്തുകയും അതിൽ മാത്രം മുഴുകിയിരിക്കുകയും ദൈവഭക്തരുടെയും ആത്മീയത ഉള്ളവരുടെയും അടുത്തിരിക്കാൻ അവസരം ലഭിക്കാത്തവരും തങ്ങളിൽ ദൈവിക പ്രകാശം സ്വയം ഇല്ലാത്തവരുമായവർ പൊതുവിൽ വഴിതെറ്റിയിട്ടുണ്ട്. ഇസ്ലാമിൽ നിന്നും അവർ അകറ്റപ്പെട്ടിട്ടുണ്ട്. ഇസ്ലാമിന്റെ സേവനത്തിനായി ഈ അറിവുകൾ പ്രയോഗിക്കുന്നതിനു പകരം അവർ ഇസ്ലാമിനെ ഈ അറിവുകളുടെ കീഴെ കൊണ്ടുവരാനുള്ള വിഫലശ്രമം നടത്തുകയും തങ്ങളുടെ ധാരണയിൽ ദീനീസേവകരും സംരക്ഷകരുമായി അവർ സ്വയം ധരിക്കുകയും ചെയ്തു. ഓർക്കുക. ആത്മീയ പ്രകാശം തങ്ങളിൽ ഉള്ളവർക്ക് മാത്രമെ ദീനീ സേവനം ചെയ്യാൻ സാധിക്കുകയുള്ളൂ.

ഈ ആത്മീയ പ്രകാശം കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

പറയുന്നു: എന്നോട് ബന്ധം സ്ഥാപിച്ചിരിക്കുകയും ഈ ബന്ധം കാരണം എന്റെ അവയവങ്ങളായിത്തീരുകയും ചെയ്ത നിങ്ങൾ - ഇവിടെ അവയവം എന്നാണ് പറഞ്ഞത്. ഇത് വലിയ ഒരു ബഹുമതിയാണ്. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഉപയോഗിച്ച വാക്കുകൾ, നിങ്ങൾ ഞാനുമായി ബന്ധം സ്ഥാപിച്ചതുകൊണ്ട് എന്റെ അവയവങ്ങളായിത്തീർന്നിരിക്കുന്നു എന്നതാണ്. മസ്തിഷ്ക്കം ഏതൊന്നാണോ കൽപ്പിക്കുന്നത് അതനുസരിച്ചാണ് അവയവം പ്രവർത്തിക്കുക. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ന്റെ ഈ പ്രതീക്ഷക്കൊത്ത് ഉയരുക എന്നത് ഓരോ അഹ്മദിയുടെയും വലിയ ഉത്തരവാദിത്വമാണ്.

ഇസ്ലാമിന്റെയും വിശുദ്ധ ഖുർആന്റെയും യഥാർഥ അധ്യാപനങ്ങളനുസരിച്ചായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ. ഹദ്റത്ത് മസീഹ് മൗഊദ് عليه السلام ഇതനുസരിച്ച് നമ്മെ ഇക്കാലത്ത് പലവുരു ഉപദേശിച്ചിട്ടുണ്ട്. ഇതല്ലാതെ അതിന്റെ കടമ നമുക്ക് നിർവ്വഹിക്കാൻ സാധ്യമല്ല. പറയുന്നു: നിങ്ങൾ എന്റെ അവയവങ്ങളായി മാറിയിരിക്കുന്നു. ഇതനുസരിച്ച് പ്രവർത്തിക്കുക. യുക്തിയോടും ദൈവ വചനം മുന്നിൽ വെച്ചും പ്രവർത്തിക്കുക. എന്നാൽ മാത്രമെ യഥാർഥ ജ്ഞാനവും ദൃഢ ജ്ഞാനത്തിന്റെ പ്രകാശവും നിങ്ങളിൽ ഉണ്ടാവുകയുള്ളൂ. നിങ്ങൾ മറ്റുള്ളവരെ അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് കൊണ്ടുവരുന്നതിന് കാരണക്കാരായിത്തീരുക. കാരണം ഇന്നുള്ള ആക്ഷേപങ്ങൾ ഉന്നയിക്കുന്നത് ഭൗതികശാസ്ത്രത്തിന്റെയും ആരോഗ്യശാസ്ത്രത്തിന്റെയും ഖഗോള ശാസ്ത്രത്തിന്റെയും എല്ലാം അടിസ്ഥാനത്തിലാണ്. അതുകൊണ്ട് ഈ വിജ്ഞാനങ്ങളെക്കുറിച്ച് അതിന്റെ ആശയങ്ങളെക്കുറിച്ച് അറിവുണ്ടാകേണ്ടത് അനിവാര്യമാണ്. മറുപടി പറയുന്നതിനു മുമ്പേ ആക്ഷേപങ്ങളുടെ നിജസ്ഥിതി നമുക്ക് വ്യക്തമായിരിക്കണം.

പറയുന്നു: ഒരു കാര്യം നിങ്ങൾ ഓർത്തുവെക്കുക. മനുഷ്യന്റെ സംസാരം ആത്മാർത്ഥ ഹൃദയത്തോടെ അല്ലെങ്കിൽ അതിൽ പ്രവർത്തനലക്ഷ്യമില്ലെങ്കിൽ അത് ഒരു ഗുണവും ചെയ്യില്ല. ആത്മാർത്ഥതയോടും അത് നടപ്പിൽ വരുത്താനുമായിരിക്കണം സംസാരിക്കേണ്ടത്. പറയുന്നു: ഇതു മുഖേനയാണ് നമ്മുടെ പ്രവാചകർﷺ യുടെ സത്യസാക്ഷ്യം വെളിപ്പെടുന്നത്. തിരുനബി മുഖേന മനുഷ്യഹൃദയങ്ങളെ സ്വാധീനിക്കാൻ കഴിഞ്ഞതിന് തത്തുല്ല്യമായ ഉദാഹരണം മാനവസമൂഹത്തിൽ നമുക്ക് ദർശിക്കാൻ സാധ്യമല്ല. കാരണം തിരുനബിﷺ യുടെ വാക്കിലും പ്രവർത്തിയിലും ഒരു അന്തരവും ഉണ്ടായിരുന്നില്ല എന്നതാണ്.

തിരുനബിﷺ യുടെ മാതൃകയെ യഥാർഥ അർഥത്തിൽ പിൻപറ്റുക എന്നത് നമ്മുടെ കടമയാണ്. നമ്മുടെ വാക്കും പ്രവർത്തിയും ഒന്നാകുമ്പോഴാണ് ഇത് നടപ്പിൽ വരിക. നമ്മുടെ പ്രവർത്തനങ്ങൾക്ക് അപ്പോഴാണ് ഫലം ഉണ്ടാകുക. അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദിന്റെ ആഗ്രഹങ്ങളെ പൂർത്തിയാകാനുള്ള തൗഫീഖ് നമുക്ക് നൽകട്ടെ. നാം ദീനിന്റെ പ്രചാരകരായി മാറട്ടെ. ജനങ്ങളെ നേർമാർഗം കാണിക്കുന്നവരായി നാം മാറട്ടെ. അദ്ദേഹത്തിന്റെ അവയവങ്ങൾ ആകുന്നതിന്റെ കടമ നിറവേറ്റുന്നവരായിത്തീരട്ടെ. നമ്മുടെ വാക്കിലും പ്രവർത്തിയിലും ഒരു അന്തരവും ഉണ്ടാകാതിരിക്കട്ടെ. ദജ്ജാലീശക്തികളോടും ഭൗതിക അറിവിനോടും ഒരിക്കലും അടിയറവ് പറയുന്നവരാകാതിരിക്കട്ടെ. ഈ കാര്യങ്ങൾ മനസ്സിലാക്കാനുള്ള തൗഫീഖ് അല്ലാഹു നമുക്ക് നൽകുമാറാകട്ടെ.

ഇന്നും ഞാൻ ഒരു ജനാസ ഗാഇബ് നമസ്ക്കരിക്കുകയാണ്. സുൽത്താൻ ഓഫ് അഗദേശിന്റെതാണ്. നൈജർ സ്വദേശിയാണ്. ഫെബ്രുവരി 21 ന് 72-ാം വയസ്സിൽ അദ്ദേഹം വഫാത്തായി. اِنَّا لِلّٰهِ وَ اِنَّآ اِلَيْهِ رٰجِعُوْنَ അദ്ദേഹത്തിന്റെ പേര് അൽഹാജ് ഉമർ ഇബ്റാ

ഹീം എന്നായിരുന്നു. 2002 സെപ്തംബറിൽ അഹ്മദിയ്യത്ത് സ്വീകരിക്കാനുള്ള തൗഫീഖ് ലഭിച്ചു. നൈജറിലെ ഏറ്റവും പ്രമുഖനായ സുൽത്താനായിരുന്നു. നൈജറിലെ ഗോത്രവർഗ്ഗ തലവന്മാരുടെ പ്രസിഡന്റായിരുന്നു. രാഷ്ട്ര പ്രസിഡന്റിന്റെ പ്രത്യേക നാല് അംഗങ്ങളിൽ ഒരാളായിരുന്നു. നൈജറിൽ 15-ാം നൂറ്റാണ്ടിൽ അഗദേശ് ഭരണം നിലവിൽ വന്നു. 1960 മുതൽ അഗദേശ് സുൽത്താനായി തിരഞ്ഞെടുക്കപ്പെട്ടു. 51-ാം സുൽത്താനായിരുന്നു. ഏകദേശം 51,52 വർഷം സുൽത്താനായി വാണു.

നൈജറിൽ വളരെ ബഹുമാനാദരത്തോടെയാണ് അദ്ദേഹത്തെ കണ്ടിരുന്നത്. അഗദേശ് പ്രദേശത്ത് കലാപങ്ങൾ ഉണ്ടാകുന്ന സ്ഥലത്ത് സമാധാനം സ്ഥാപിക്കാനായി ശ്ലാഘനീയ്യ പ്രവർത്തനം കാഴ്ചവെച്ചു. സമാധാനത്തിന്റെ അടയാളമായിരുന്നു. 2002 ൽ ജൽസ സാലാന ബെനിനിൽ 12 അംഗങ്ങളുമായി 2500 കിലോ മീറ്റർ ദൂരം യാത്ര ചെയ്ത് എത്തി. ജൽസക്ക് ശേഷം ഒരാഴ്ച ബെനിനിൽ താമസിച്ചു. അമീർ സാഹിബ് ബെനിനുമായി ബെനിനിലെ വിവിധ സ്ഥലങ്ങൾ സന്ദർശിച്ചു. അഹ്മദിയ്യത്തിനെ അടുത്തറിഞ്ഞു. നൈജറിലേക്ക് തിരിച്ചുപോകുന്നതിനുമുമ്പെ പറഞ്ഞു. ഞാൻ ബൈഅത്ത് ചെയ്ത് നൈജറിലേക്ക് പോകാനാണ് ആഗ്രഹിക്കുന്നത് അങ്ങനെ 12 അംഗങ്ങൾ ഉൾപ്പെടെ ബൈഅത്ത് ചെയ്ത് അഹ്മദിയ്യത്തിൽ പ്രവേശിച്ചു. അദ്ദേഹം പറഞ്ഞു: ബെനിനിലെ ജൽസയിൽ ആയിരക്കണക്കിന് പേര് നമസ്ക്കരിക്കുന്നത് കണ്ട് എന്റെ ഹൃദയം സന്തോഷം കൊണ്ട് തുള്ളിച്ചാടുകയാണ്. ഞങ്ങൾ മുസ്‌ലിം നാട്ടിൽ നിന്നാണ് വരുന്നത്. എന്നാൽ അല്ലാഹുവിന് വേണ്ടി മാത്രമുള്ള ഇങ്ങനെയുള്ള ഒരു സമ്മേളനവും നാം ഇതുവരെ അവിടെ കണ്ടിട്ടില്ല.

2003 ൽ ജൽസാ സാലാന യു.കെ. യിൽ പങ്കെടുത്തു. ഞാനുമായി നടന്ന ആദ്യ മുലാഖാത്തായിരുന്നു അത്. സൽസ്വഭാവിയും സമ്പർക്കപ്രിയനും സദ്ഗുണസമ്പന്നനുമായിരുന്നു. ഖലീഫത്തുൽ മസീഹ് റാബിഅ് വഫാത്തായി എന്നറിഞ്ഞപ്പോൾ മിയാമി മിഷൻ ഹൗസിൽ വന്ന് മുബല്ലിഗ് ഇൻചാർജിന് അനുശോചനം അറിയിച്ചു. ഇദ്ദേഹത്തിന് 18 ആൺമക്കളും 12 പെൺമക്കളും ഉണ്ട്. നാലോ അഞ്ചോ വിവാഹം കഴിച്ചിട്ടുണ്ട്.

മുബല്ലിഗ് ഇൻചാർജ് നൈജർ പറയുന്നു. രണ്ട് പ്രാവശ്യം അഗദേശ് പോകാനുള്ള അവസരം ലഭിച്ചിട്ടുണ്ട്. അതിഥി സൽക്കാരപ്രിയനായിരുന്നു. വളരെ ആദരിക്കുമായിരുന്നു. മിയാമിയിൽ വരുമ്പോൾ ഞാൻ അറിഞ്ഞാൽ കാണാൻ പോകും. വളരെ സ്നേഹത്തോടെ സ്വീകരിക്കും. ജമാഅത്തിന്റെ വിവരങ്ങൾ ചോദിച്ചറിയും. ഖലീഫത്തുൽ മസീഹിനെക്കുറിച്ച് ചോദിക്കും. ഏപ്രിൽ 2004 ൽ ഞാൻ ബെനിനിൽ പോയപ്പോൾ ഇദ്ദേഹം പറാക്കോയിൽ വന്നിരുന്നു. അടുത്ത നാട് നൈജറാണ്.62 അംഗങ്ങളുള്ള ഒരു ടീം വന്നിരുന്നു. സുൽത്താൻ ഓഫ് അഗദേശും ഉണ്ടായിരുന്നു. 11 അംഗങ്ങളും ഉണ്ടായിരുന്നു. ഞാനുമായി മുലാഖാത്ത് നടന്നു. മൂന്ന് നാല് ദിവസം രാപകൽ യാത്ര ചെയ്താണ് വന്നതെന്ന് എന്നോട് പറഞ്ഞു. മരുഭൂമിയിൽ യാത്ര വളരെ ദുഷ്ക്കരമാണ്. 2500 കിലോ മീറ്റർ യാത്ര ചെയ്താണ് വന്നത്. അവിടെ വെച്ച് പല കാര്യങ്ങളും അദ്ദേഹവുമായി സംസാരിച്ചു. ഫോട്ടോയും എടുത്തു. വളരെ സന്തോഷവാനായിരുന്നു. നൈജറിലെ അഹ്മദികളിൽ വളരെ കൂറും ആത്മാർഥതയും നമുക്ക് കാണാം. പ്രമുഖ സുൽത്താൻമാരിൽ പെട്ട ആളായിരുന്നിട്ടുകൂടി വിനയം അദ്ദേഹത്തിൽ ഉണ്ടായിരുന്നു. അല്ലാഹു ഇദ്ദേഹത്തിന്റെ പദവി ഉയർത്തട്ടെ.

## PRINTED BOOKS

**To**

**From**
**Ahmadiyya Mission House**
**K.N.Road Karapparamba**
**Calicut -10**

KHUTBA: HADRAT MIRZA MASROOR AHMED (atba)
on 2012 March 16 at : Baitul Futuh London
Translation: M. Nasir Ahmed Kodiyathur 09497343704

Typing: M.P.Abdul Latheef, Calicut.
Printed at: Digital Image Calicut.
Published by: **Majlis Khuddamul Ahmadiyya, North Kerala**